പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം
അമ്പലവയൽ, വയനാട് – 673 593
കേരള കാർഷിക സർവകലാശാല
മൊബൈൽ: 9188224421, ഫോൺ: 04936 260421/260561
ഇമെയിൽ: rarsamb@kau.in / adramb@kau.in

നമ്പർ. ഇ/4310/2022 (43 ) തീയതി : 02.12.2022

## ക്വട്ടേഷൻ നോട്ടീസ്

കേരള കാർഷിക സർവ്വകലാശാലയുടെ ആഭിമുഖ്യത്തിൽ ഈ കേന്ദ്രത്തിൽ വെച്ച് 2023 ജനവരി മാസം 01 മുതൽ 15 വരെ നടത്തുന്ന അന്താരാഷ്ട്ര പുഷ്പഫല പ്രദർശന മേള **'പൂപൊലി 2023'** ന്റെ ഭാഗമായി പ്രമുഖ മീഡിയകൾ വഴിയും സോഷ്യൽ മീഡിയ വഴിയും പ്രസ്തുത പരിപാടിയുടെ പരസ്യത്തിനായി ഒരു ഷോർട്ട് വീഡിയോ തയ്യാറാക്കുന്നതിനു താൽപര്യമുള്ള സ്ഥാപനങ്ങളിൽ നിന്നോ വ്യക്തികളിൽ നിന്നോ ക്വട്ടേഷനുകൾ ക്ഷണിച്ചു കൊള്ളുന്നു.

### Teaser for Publicty of The event 'Poopoly 2023'

**Specification:**

- പരമാവധി 3 മിനിറ്റ് ദൈർഘ്യമുള്ള വീഡിയോ ആണ് നിർമ്മിക്കേണ്ടത്
- വീഡിയോക്ക് വേണ്ടുന്ന ഫോട്ടോകൾ സ്ഥാപനത്തിൽ നിന്നും നല്കുന്നതാണ്.
- ബാക്ക് ഗ്രൗണ്ട് മ്യൂസിക്, നരേഷൻ മുതലായവ ക്വട്ടേഷൻ ലഭിക്കുന്നവർ തന്നെ തയ്യാറാക്കേണ്ടതാണ്.
- ക്വട്ടേഷനിൽ പങ്കെടുക്കുന്നവർ പ്രവർത്തി പരിചയം കാണിയ്ക്കുന്ന വീഡിയോകൾ സപ്ലൈ ചെയ്യേണ്ടതാണ്.
- ഇതിന്റെ പേമെന്റ് പൂപ്പൊലി പരിപാടിയ്ക്ക് ശേഷം മാത്രം ലഭിക്കുന്നതാണ്.

**മേലെഴുത്ത് : "പരസ്യ ഹ്രസ്വ ചിത്രം നിർമ്മിച്ച് നല്കുന്നതിനുള്ള ക്വട്ടേഷൻ"**

| | |
|---|---|
| ക്വട്ടേഷൻ ലഭിക്കേണ്ട അവസാന തീയതിയും സമയവും . | : 13.12.2022, രാവിലെ 11 മണി |
| ക്വട്ടേഷൻ തുറക്കുന്ന തീയതിയും, സമയവും | : 13.12.2022, രാവിലെ 11.30 മണി |
| **ക്വട്ടേഷൻ ലഭിക്കേണ്ട മേൽവിലാസം :** | **അസോസിയേറ്റ് ഡയറക്ടർ ഓഫ് റിസർച്ച്<br>പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം<br>അമ്പലവയൽ, വയനാട്** |
| ക്വട്ടേഷൻ കാലാവധി | : 2023 മാർച്ച് 31 |

ക്വട്ടേഷനൊപ്പം **ഉൾക്കൊള്ളിക്കേണ്ട വസ്തുക്കൾ:**

1. നിരത ദ്രവ്യം : 1000 രൂപ കൊളഗപ്പാറ എസ് ബി ഐ ൽ മാറാകുന്ന തരത്തിൽ എ.ഡി.ആർ പേർക്ക് ഡി.ഡി ആയോ, പണമായി നേരിട്ട് ഓഫീസിൽ ഒടുക്കിയ രസീതോ.
2. ക്വട്ടേഷൻ സമർപ്പിക്കുന്ന വ്യക്തിയുടെ സർക്കാർ അംഗീകൃത തിരിച്ചറിയൽ കാർഡിൻറെ പകർപ്പ്

## നിബന്ധനകൾ

1. ഏറ്റവും കുറഞ്ഞ നിരക്ക്കാണിച്ച ക്വട്ടേഷൻ മിതമായ നിരക്കാണെങ്കില് അംഗീകരിക്കുന്നതാണ്
2. നിശ്ചിത സമയത്തിനു ശേഷം ലഭിക്കുന്ന കൊട്ടേഷൻ പരിഗണിക്കുന്നതല്ല.
3. ക്വട്ടേഷൻ നിരക്കുകൾ തൃപ്തികരമല്ലെങ്കില് തിരസ്കരിക്കുവാനുള്ള പൂർണ്ണ അധികാരം അസോസിയേറ്റ് ഡയറക്ടറിൽ നിക്ഷിപ്തമാണ്.
4. ക്വട്ടേഷൻ സമർപ്പിച്ചവർക്ക് ഒരിക്കല് കൂടി അവസരം ലഭിക്കുന്നതിനായി അപ്പോള് ഹാജരായവരെ മാത്രം ഉൾപ്പെടുത്തി ആവശ്യമെങ്കില് ക്വട്ടേഷന് തുറക്കുന്നതിനു മുൻപ് അന്നേ ദിവസം ലേലവും നടത്തുന്നതാണ്.
5. ക്വട്ടേഷൻ റദ്ദാക്കുവാനോ മാറ്റിവയ്ക്കുവാനോ ഉള്ള അധികാരം അസോസിയേറ്റ് ഡയറക്ടറില് നിക്ഷിപ്തമാണ്. തൽസംബന്ധമായി അസോസിയേറ്റ് ഡയറക്ടറിൻറെ തീരുമാനം അന്തിമമായിരിക്കും.

6. ക്വട്ടേഷൻ സംബന്ധിച്ച എല്ലാവിധ സർക്കാര് നിബന്ധനകളും ഇതിനും ബാധകമാണ്. ക്വട്ടേഷൻ തുറക്കുന്ന ദിവസം അവധി പ്രഖ്യാപിക്കുകയോ പൊതു ജനങ്ങൾക്ക് യാത്രാ തടസ്സം ഉണ്ടാകുകയോ ചെയ്താൽ തൊട്ടടുത്ത പ്രവൃത്തി ദിനത്തിൽ അതേ സമയം തന്നെ ക്വട്ടേഷൻ തുറക്കുന്നതാണ്.

7. മറ്റു വിശദ വിവരങ്ങൾ പ്രവൃത്തിസമയങ്ങളിൽ ഓഫീസിൽ അന്വേഷിക്കാവുന്നതാണ്.

(ഒപ്പ്)

അസോസിയേറ്റ് ഡയറക്ടർ ഓഫ് റിസർച്ച്

പകർപ്പ്: 1. നോട്ടീസ് ബോർഡ്,2. നോട്ടീസ് ബോർഡ് ഫാം ഓഫീസ്/വിതരണത്തിന്: അമ്പലവയൽ ഗ്രാമപഞ്ചായത്ത് / വില്ലേജ് ഓഫീസ്ം/ബിൽ/ഡോ.ശ്രീറാം.വി, അസ്സി.പ്രൊഫസർ